# കോളേജ് ലൈബ്രേറിയൻസ്  അസോസിയേഷൻ വാർഷിക പ്രവർത്തന റിപ്പോർട്ട്  2025 26

**ആമുഖം**

2026 മെയ് 22ന് എറണാകുളം ചിറ്റിലപ്പള്ളി സ്ക്വയറിൽ വെച്ച് നടക്കുന്ന കെസിഎൽഎ വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുന്ന പ്രവർത്തന റിപ്പോർട്ട്.

20.5.2025 മുതൽ 21.5.2026 വരെ കെസിഎൽഎ സംസ്ഥാനതലത്തിലും മേഖലാതലത്തിലും സംഘടിപ്പിച്ച പ്രവർത്തനങ്ങളുടെ സംക്ഷിക്ത റിപ്പോർട്ട് ജനറൽ ബോഡിയുടെ ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**1. സംഘടന**

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത എയ്ഡഡ് മേഖലയിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, ടീച്ചർ ട്രെയിനിങ് കോളേജുകൾ, അറബിക്  കോളേജുകൾ, എഞ്ചിനീയറിങ് കോളേജുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയൻമാരുടെ രജിസ്റ്റർ ചെയ്യപ്പെട്ട ഔദ്യോഗിക സംഘടനയാണ് കോളേജ് ലൈബ്രേറിയൻസ്  അസോസിയേഷൻ, (KCLA).

സംസ്ഥാന തലത്തിൽ പ്രസിഡണ്ട്, രണ്ടു വൈസ് പ്രസിഡണ്ട്മാർ, ജനറൽ സെക്രട്ടറി, രണ്ട് ജോയിൻറ് സെക്രട്ടറിമാർ, ഒരു ട്രഷറർ എന്നിവരും അക്കാദമിക്, സർവീസ്, ടെക്നിക്കൽ കമ്മിറ്റികൾക്ക് പ്രത്യേക കൺവീനർമാരും, റീജണൽ കമ്മിറ്റികളുടെ പ്രസിഡൻ്റും, സെക്രട്ടറിമാരും അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

പ്രവർത്തന സൗകര്യത്തിനായി കണ്ണൂർ, കാലിക്കറ്റ്, തൃശൂർ, മഹാത്മാഗാന്ധി, കേരള എന്നിങ്ങനെ 5 മേഖലകളാക്കി സംഘടനയെ തിരിച്ചിട്ടുണ്ട്. ഓരോ മേഖലക്കും തിരഞ്ഞെടുക്കപ്പെട്ട റീജണൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിൻറ് സെക്രട്ടറി, ട്രഷറർ, 5 അംഗങ്ങൾ എന്നിവർ അടങ്ങിയ സമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

20.5. 2025ന് വയനാട് വൈൽഡ് വെസ്റ്റ് റിസോർട്ടിൽ വച്ച് ചേർന്ന ജനറൽബോഡി യോഗം താഴെപ്പറയുന്ന അംഗങ്ങളെ 2025-26 കാലയളവിലേക്കുള്ള സംസ്ഥാന ഭാരവാഹികളായി വീണ്ടും തെരഞ്ഞെടുത്തു.

- **പ്രസിഡണ്ട്**: ഡോ. ബിനാമോൾ ടി, മാർ ഇവാനിയോസ് കോളേജ് തിരുവനന്തപുരം,
- **ജനറൽ സെക്രട്ടറി:** ഡോ. മുഹമ്മദ് മുസ്തഫ കെ, ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കൊല്ലം,
- **ട്രഷറർ**: ഡോ. ബിനു പിസി, സെന്റ് പോൾസ് കോളേജ് കളമശ്ശേരി,
- **വൈസ് പ്രസിഡണ്ട്മാർ**: ഡോ. അനറ്റ് സുമൻ ജോസ്, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, ഡോ. മൻസൂർ ബാബു, ഫാറൂഖ് കോളേജ് കോഴിക്കോട്.
- **ജോയിൻറ് സെക്രട്ടറിമാർ**: ശ്രീ ടോണി ചെറിയാൻ, പീത് മെമ്മോറിയൽ ട്രെയിനിങ് കോളേജ് മാവേലിക്കര, ശ്രീമതി ഭവ്യ സുരേന്ദ്രൻ എസ് ഇ എസ് കോളേജ് ശ്രീകണ്ഠപുരം കണ്ണൂർ,
- **അക്കാഡമിക് കമ്മിറ്റി കൺവീനർ:** ഡോ. ജോളി വർഗീസ്, സെന്റ് മേരിസ് കോളേജ് തൃശൂർ,
- **സർവീസ് കമ്മിറ്റി കൺവീനർ**: ശ്രീ പ്രദീപ്കുമാർ, എൻഎസ്എസ് എൻജിനീയറിങ് കോളേജ് പാലക്കാട്,
- **ടെക്നിക്കൽ കമ്മിറ്റി കൺവീനർ**: ശ്രീ അരുൺ കിഷോർ, എസ് ഡി കോളേജ് ആലപ്പുഴ.

സംസ്ഥാന കമ്മിറ്റി തിരഞ്ഞെടുപ്പിന് ശേഷം തുടർ ദിവസങ്ങളിലായി മേഖല അടിസ്ഥാനത്തിൽ യോഗങ്ങൾ ചേരുകയും മേഖലാ കമ്മിറ്റികൾ നിലവിൽ വരികയും ചെയ്തു.

**കണ്ണൂർ യൂണിവേഴ്സിറ്റി മേഖല**

വർഷ കെ (പ്രസിഡണ്ട്), ഡോ. ധന്യ പി (വൈസ് പ്രസിഡണ്ട്), രമ്യ സി (സെക്രട്ടറി), ഭവ്യ സുരേന്ദ്രൻ (ജോ. സെക്രട്ടറി), ഡോ. ലിൻഷാ എം (ട്രഷറർ).

**കാലിക്കറ്റ് യൂണിവേഴ്സിറ്റി മേഖല**

ഡോ. പ്രശാന്ത് എംപി (പ്രസിഡണ്ട്), ജസ്ബിറ എം (വൈസ് പ്രസിഡണ്ട്), ശരത് സുന്ദർ (സെക്രട്ടറി), അബ്ദുൽ ഖാദർ (ജോ. സെക്രട്ടറി), ഡോ. അശ്വതി പി (ട്രഷറർ).

**തൃശ്ശൂർ മേഖല**

ശ്രീ പ്രദീപ്കുമാർ (പ്രസിഡണ്ട്), ഫാ. സിബി ഫ്രാൻസിസ് (വൈസ് പ്രസിഡണ്ട്), ശ്രീമതി ശില്പ (സെക്രട്ടറി), മിതു പി ബി (ജോ. സെക്രട്ടറി), സിസ്റ്റർ ജിസ്ന (ട്രഷറർ).

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മേഖല**

ലിസ് ജേക്കബ് (പ്രസിഡണ്ട്), പ്രിൻസി ഡി നെല്ലാനത്ത് (വൈസ് പ്രസിഡണ്ട്), മുഹമ്മദ് സിയാദ് (സെക്രട്ടറി), ദ്രൗപതിദേവി (ജോയിൻറ് സെക്രട്ടറി), സിസ്റ്റർ ഗ്രേസിന (ട്രഷറർ).

**കേരള യൂണിവേഴ്സിറ്റി മേഖല**

ഡോ. ബിജു പിആർ (പ്രസിഡണ്ട്), ഡോ. സിസ്റ്റർ റബേക്ക (വൈസ് പ്രസിഡണ്ട്), ഡോ. സൈജു ഡി ഐ (സെക്രട്ടറി), രാഖി രാജ് (ജോയിൻറ് സെക്രട്ടറി), ബൈജു ജോയ് (ട്രഷറർ).

**2. അംഗത്വം**

നിലവിൽ 193 ലൈഫ് മെമ്പർമാരാണ് സംഘടനയിൽ ഉള്ളത്. റിപ്പോർട്ട് കാലയളവിൽ പുതുതായി 12 പേർപുതുതായി അംഗത്വം എടുക്കുകയും അഞ്ചുപേർ സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തു. അംഗങ്ങളുടെ ലിസ്റ്റ് കെസിഎൽഎ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**3. പ്രവർത്തനങ്ങൾ**

3.1. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച ഒന്നാം വർഷത്തിൽ കേരളത്തിലെ കോളേജ് ലൈബ്രറിയൻമാർക്ക് FYUGP യുടെ ഭാഗമായി MDC അടക്കമുള്ള കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിനെ സമീപിച്ചു. ബഹു സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് 1.7.2024 ന് KCLA സമർപ്പിച്ച KCLA/Ac-2/2024 Dated 01.07.2024 നമ്പർ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു സർക്കാർ നടപടി. KCLA സംസ്ഥാന കമ്മിറ്റിയെ പ്രതിനിധീകരിച്ച് ഡോ. ബീന മോൾ, ഡോ. മുഹമ്മദ് മുസ്തഫ, ഡോ. നാൻസി വാറൽ, ഡോ. ചിത്ര എസ് തുടങ്ങിയവർ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിൽ കാണുകയും വിഷയത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും, തുടർന്ന് സർക്കാർതലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്തിയ നിരന്തര ഇടപെടലിന്റെ ഫലമായി G.O. 1464/2024/HEDN തീയതി 25.11.2024 എന്ന നമ്പറിൽ ഉത്തരവിറങ്ങി. (Copy available in KCLA Website)

3.2. കോളേജ് ലൈബ്രറികളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തലത്തിൽ കോളേജ് ലൈബ്രറി മാനുവൽ തയ്യാറാക്കുന്നതിന് വേണ്ടി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും, ആദ്യ കരട് ലൈബ്രറി മാനുവൽ തയ്യാറാക്കുന്നതിന് ശ്രീ മുഹമ്മദ് സിയാദിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ശ്രീ സിയാദ് തയ്യാറാക്കിയ കരട് മാനുവൽ സബ് കമ്മിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പരിഗണനക്കായി സമർപ്പിക്കപ്പെട്ടു.

ലൈബ്രറി മാനുവലിനെ കുറിച്ചുള്ള വിശദമായ ചർച്ചകളും പഠനങ്ങളും നടത്തിയതിനുശേഷം ആവശ്യമായ തിരുത്തലുകൾ വരുത്തി ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും തുടർനടപടികളിലൂടെ സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ലൈബ്രറി മാനുവൽ ആയി പ്രസിദ്ധപ്പെടുത്താൻ വേണ്ട നടപടിക്രമങ്ങൾ തുടരേണ്ടതുണ്ട്.

3.3. അംഗങ്ങളുടെ പേര്, designation, ക്വാളിഫിക്കേഷൻ, ഓഫീസ് വിലാസം, സ്ഥിര വിലാസം, മൊബൈൽ നമ്പർ, ഇ-മെയിൽ ഐഡി തുടങ്ങിയ വിശദവിവരങ്ങൾ അടങ്ങിയ അംഗത്വ രജിസ്റ്റർ തയ്യാറാക്കുകയും അംഗങ്ങളുടെ ലിസ്റ്റ് കെസിഎൽഎ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3.4. അംഗത്വ രജിസ്റ്ററിൽ പേര് ചേർക്കപ്പെട്ട 193 ലൈബ്രറിയൻമാർക്കും അംഗത്വ സർട്ടിഫിക്കറ്റ് തയ്യാറാക്കി വിതരണം ചെയ്തു.

3.5. ഒരു അന്തർദേശീയ സെമിനാറും, 3 ദേശീയ സെമിനാറും, രണ്ട് ശില്പ ശാലകളും സംഘടിപ്പിച്ചു.

3.6. Newsletter: ഡോ. ജോളിവർഗീസ് എഡിറ്ററായി 2025 ജനുവരിയിലും ഡോ. മുഹമ്മദ് മുസ്തഫ എഡിറ്ററിൻ ഇൻ-ചാർജ് ആയി 2026 ജനുവരിയിലും രണ്ടു ലക്കങ്ങൾ വീതം ഉൾക്കൊള്ളുന്ന രണ്ട് വോള്യം ന്യൂസ് ലെറ്ററുകൾ പ്രസിദ്ധീകരിച്ചു. ന്യൂസ് ലെറ്ററുകളുടെ ഡിജിറ്റൽ കോപ്പി കെസിഎൽഎ വെബ്സൈറ്റിൽ ലഭ്യമാക്കുകയും, സംസ്ഥാന ജനറൽബോഡി മീറ്റിങ്ങുകളിൽ പങ്കെടുക്കുന്ന എല്ലാ മെമ്പർമാർക്കും printed കോപ്പി വിതരണം ചെയ്യുകയും ചെയ്തു.

## 4. നിവേദനങ്ങൾ

4.1. 1.7.2024ന്, KCLA/Ac-2/2024 Dated 01.07.2024 എന്ന നമ്പറിൽ ലൈബ്രേറിയന്മാർക്ക് FYUGP യിൽ ടീച്ചിങ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിൽ നിവേദനം നല്കികി.

4.2. 27.08.2025ന്, ONOS സ്കീമിൽ ഉൾപ്പെടുത്തി കേരളത്തിലെ എയ്ഡഡ് കോളേജ് ലൈബ്രറികൾക്കും ഡിജിറ്റൽ റിസോഴ്സസ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് INFLIBNET ഡയറക്ടർ പ്രൊഫ. ദേവിക മാടല്ലിയെ നേരിൽകണ്ട് നിവേദനം സമർപ്പിച്ചു. (Letter No. KCLA/Ac.03/2025 Date: 27.08.2025)

4.3. 05.02.2026 ന് സർക്കാർ ജീവനക്കാർക്ക് ആഴ്ചയിൽ അഞ്ചുദിവസം ഡ്യൂട്ടി എന്നതിനെക്കുറിച്ചുള്ള കെസിഎൽഎയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാറിന് സമർപ്പിച്ചു. (Letter No. KCLA/Sc.01/2026 Date: 05.02.2026)

4.4. 13.8.2025 ന് ലൈബ്രേറിയൻ ഗ്രേഡ് ഫോർ തസ്തികയിൽ ജോലിചെയ്യുന്ന 5 അംഗങ്ങളുടെ പ്രമോഷൻ സംബന്ധമായ വിഷയങ്ങൾ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിവേദനം നൽകി. (No. KCLA/SR 2/2025 dated 13.08.2025)

4.5. 13.8.2025 ന് യുജിസി യോഗ്യത ഉണ്ടായിട്ടും ഗ്രേഡ് ഫോർ ലൈബ്രറി തസ്തികയിൽ തുടരുന്ന KCLA അംഗങ്ങളുടെ പ്രമോഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നേരിൽകണ്ട് നിവേദനം നൽകി (No. KCLA/SR1/2025 dated 13.8.2025 )

4.6. സംഘടനയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ആയി എല്ലാ രണ്ടുമാസത്തിലും ഒരിക്കൽ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരാൻ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു.

4.7. റീജണൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടി എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിങ്ങുകളിലും മേഖലാ തല പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിക്കാൻ ആവശ്യപ്പെട്ടുയും അത് നടപ്പിലാക്കുകയും ചെയ്തു.

.

4.8. കെസിഎൽഎ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾക്കും സെമിനാർ പ്രൊസീഡിങ്സുകൾക്കും അക്കാഡമിക് ക്രിബിലിറ്റി ഉറപ്പുവരുത്തുന്നതിനായി സംഘടനയ്ക്ക് സ്വന്തമായി ISBN ലഭ്യമാക്കി.

4.9. കെസിഎൽഎയിൽ അംഗങ്ങൾ ആയിട്ടുള്ള ലൈബ്രേറിയൻമാരുടെ പുസ്തകങ്ങൾക്കും അവരുടെ സ്ഥാപനങ്ങളിൽ നിന്ന് ഇറങ്ങുന്ന പുസ്തകങ്ങൾക്കും നിബന്ധനകൾക്ക് വിധേയമായി ഐ എസ് ബി എൻ നമ്പറുകൾ അനുവദിക്കാൻ തീരുമാനിച്ചു.

4.10. റിപ്പോർട്ട് കാലയളവിൽ രണ്ട് സെമിനാർ പ്രൊസീഡിങ്സും, ഒരു എഡിറ്റഡ് ബുക്കും ISBN നമ്പറോടുകൂടി പ്രസിദ്ധീകരിച്ചു.

4.11. അംഗങ്ങളിൽ നിന്നുള്ള വാർഷിക പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നത് കാര്യക്ഷമമാക്കുന്നതിനായി അതാത് റീജണൽ കമ്മിറ്റി ഭാരവാഹികളെ ചുമതലപ്പെടുത്തി. ഓരോ മേഖലയിൽ നിന്നും സമാഹരിക്കുന്ന പ്രവർത്തന ഫണ്ടിന്റെ 50% ആ റീജിയന്റെ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുകയും ബാക്കി വരുന്ന 50% കേന്ദ്ര ഫണ്ടിലേക്ക് ചേർക്കുകയും ചെയ്തു.

4.12. ഓരോ റീജിയണിലും പ്രവർത്തന ഫണ്ട്, മെമ്പർഷിപ്പ് ഫീ, മറ്റു സംഭാവനകൾ എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ മെമ്പർമാരുടെയും പേരുകൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കാനും, രസീതുകൾ നൽകാനും നിർദ്ദേശം നൽകി.

4.13. മേഖലാ കമ്മിറ്റികൾ സംഘടിപ്പിക്കുന്ന പൊതു അക്കാദമിക പരിപാടികൾക്ക് കേന്ദ്ര വിഹിതമായി 5000 രൂപ വീതം അനുവദിക്കുകയും എല്ലാ മേഖലകളും അത് ഉപയോഗപ്പെടുത്തുകയും ചെയ്തു.

## 5. സാമ്പത്തികം

സംഘടനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം അംഗങ്ങളുടെ അംഗത്വ വരിസംഖ്യ, പ്രവർത്തന ഫണ്ട്, വാർഷിക സമ്മേളനത്തിൽ നിന്നും മിച്ചം വരുന്ന തുക, സംഭാവനകൾ എന്നിവയിൽ നിന്നാണ് സ്വരൂപിക്കുന്നത്. 2025-26 സാമ്പത്തിക വർഷത്തിലെ ഇതുവരെയുള്ള മൊത്തം വരവ് 5,70,604.55 രൂപയും മൊത്തം ചെലവ് 4,11,703/- രൂപയും ആണ്. വരവ് ചിലവ് കണക്കുകളുടെ തരംതിരിച്ചുള്ള വിശദാംശങ്ങൾ ഫിനാൻസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 6. ഭാവി പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

6.1. ഈ കമ്മിറ്റി തുടങ്ങിവച്ച ഏകീകൃത ലൈബ്രറി മാന്വൽ പ്രസിദ്ധപ്പെടുത്തുന്നതിന് ആവശ്യമായ തുടർനടപടികൾ പൂർത്തീകരിക്കുക.

6.2. കോളേജ് ലൈബ്രറിയന്മാരുടെ അക്കാദമിക് സ്റ്റാറ്റസ് നേടിയെടുക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരുക.

6.3. സംഘടനയുടെ ബൈലോ അനുസരിച്ചുള്ള വാർഷിക ജനറൽ ബോഡി എല്ലാ വർഷവും ഓൺലൈനായി ചേരുകയും, രണ്ടു വർഷത്തിലൊരിക്കൽ സെമിനാറും ജനറൽ ബോഡിയും തെരഞ്ഞെടുപ്പും സംഘടിപ്പിക്കുകയും ചെയ്യുക.

6.4. സംഘടനയിലെ മുഴുവൻ അംഗങ്ങൾക്കും ജനറൽബോഡി യോഗത്തിൽ പങ്കെടുക്കാവുന്ന തരത്തിൽ സെമിനാർ രജിസ്ട്രേഷൻ ഫീസ് അടക്കമുള്ള കാര്യങ്ങളിൽ ലഘൂകരണം ഉണ്ടാക്കുകയും, മുഴുവൻ അംഗങ്ങളെയും സംഘടനയുടെ പ്രവർത്തനങ്ങളുടെ ഭാഗമാക്കുവാൻ ആവശ്യമായ നടപടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

## 7. ഉപസംഹാരം

കേരളത്തിലെ കോളേജ് ലൈബ്രറിയന്മാരുടെ ചരിത്രത്തിലെ അഭിമാനകരമായ ഒരു കാൽവെപ്പ് ആയിരുന്നു നാലുവർഷ ബിരുദ കോഴ്സുകളിൽ ഫൌണ്ടേഷൻ കോഴ്സുകൾ

പഠിപ്പിക്കമുള്ള അനുമതി. അംഗങ്ങളുടെ പ്രൊഫഷണൽ ഡെവലപ്മെന്റിനു വേണ്ടി നിരവധി സെമിനാറുകളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കാൻ കഴിഞ്ഞ രണ്ടു വർഷം സാധിച്ചു. അക്കാദമിക സമൂഹത്തിൽ കോളേജ് ലൈബ്രറിയൻമാർക്ക് വലിയ അംഗീകാരം നേടിയെടുക്കാൻ ഇവ സഹായകമായി. അംഗങ്ങളുടെ സർവീസ് സംബന്ധമായ പല വിഷയങ്ങളിലും ഇടപെടാനും സർക്കാരിന് നിവേദനം സമർപ്പിക്കാനും സാധിച്ചിട്ടുണ്ട്. സംഘടന നൽകിയ പല നിവേദനങ്ങളും ഇപ്പോഴും സർക്കാറിന്റെ പരിഗണനയിലാണ് അതിൻറെ തുടർ നടപടികൾ വരും കാലങ്ങളിൽ ഉണ്ടാവേണ്ടതാണ്. കൃത്യവും സമയോചിതവുമായ ഇടപെടലുകളിലൂടെ സംഘടനക്ക് ഇനിയും ഒരുപാട് കാര്യങ്ങൾ നേടിയെടുക്കാൻ സാധിക്കും. എല്ലാ മെമ്പർമാരുടെയും ആത്മാർത്ഥമായ സഹകരണവും, കർമ്മ ശേഷിയും അതിന് ആവശ്യമാണ്. കേരളത്തിലെ എയ്ഡഡ് കോളേജ് ലൈബ്രറിമാർക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരേയൊരു അംഗീകൃത സംഘടന എന്ന നിലയിൽ KCLA യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ആവശ്യമായ സഹകരണം പ്രവർത്തകരിൽ നിന്നും ഉണ്ടാവണം.

വിശദമായ ചർച്ചകൾക്കും അംഗീകാരത്തിനുമായി ഈ റിപ്പോർട്ട് ജനറൽ ബോഡിക്ക് മുമ്പിൽ സമർപ്പിക്കുന്നു.

*റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചത് ഡോ. മുഹമ്മദ് മുസ്തഫ കെ, ജനറൽ സെക്രട്ടറി.*

തിയ്യതി: 22 5 2025.

റിപ്പോർട്ട് ചർച്ച ചെയ്ത്, അംഗീകരിച്ചു, പാസാക്കി

ഡോ. ബീന മോൾ ടി

പ്രസിഡണ്ട്

Date: